4
ശനി
2018 ആഗസ്റ്റ്
1193 കർക്കടകം 19

# മക്തബ്

www.makthabdaily.com

റെഡിമെയ്ഡ്
കട്ടിള, ജനൽ, ഡോർ
കട്ടിള 3,750/-
3 പാളി ജനൽ 9,350/-
ഡോർ 2,400/-
സോന വുഡ്
N.H ചിറവക്ക്, തളിപ്പറമ്പ് | N.H മാങ്ങാട്
Mob: 8592 888005 | 8593 888 013

തളിപ്പറമ്പ് | പുസ്തകം 11 ലക്കം 239 | makthabdaily@gmail.com | RNI Reg.No.KER MAL/2007/22043 | Reg.No.KL/KNR/15/2018-20 | Ph: 0460- 2208010 | പേജ് 4 | വില: 5.00 രൂപ

- സംഭവം ഇന്ന് രാവിലെ ഡൽഹി കേരള ഹൗസിൽ
- കത്തിയുമായെത്തിയത് ആത്മഹത്യ ചെയ്യാൻ
- മുഖ്യമന്ത്രിയെ വധിക്കുമെന്ന് ഭീഷണിമുഴക്കി
- വൻ സുരക്ഷാ വീഴ്ച

# മുഖ്യമന്ത്രിയുടെ താമസസ്ഥലത്ത് കത്തിയുമായി യുവാവിന്റെ പരാക്രമം

ഡൽഹി: മുഖ്യമന്ത്രി പിണറായി വിജയൻ താമസിക്കുന്ന കേരളാ ഹൗസിൽ കത്തിയുമായി എത്തിയ യുവാവ് ആത്മഹത്യ ചെയ്യുമെന്ന് പ്രഖ്യാപിക്കുകയും മുഖ്യമന്ത്രിയെ വധിക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. പരാക്രമം കാട്ടിയ ആലപ്പുഴ ചെട്ടിക്കുളങ്ങര സ്വദേശി വിമൽരാജിനെ (45) സുരക്ഷാഭടൻമാർ കീഴ്പ്പെടുത്തി ഡൽഹി പോലീസിന് കൈമാറി.

ഇന്ന് രാവിലെ 7.30ഓടെയാണ് കേരളാ ഹൗസിൽ മുഖ്യമന്ത്രി താമസിക്കുന്ന കൊച്ചിൻ ഹൗസിന് മുന്നിൽ യുവാവ് എത്തിയത്. വെള്ള ഷർട്ടും കറുത്ത പാന്റ്സും ധരിച്ച ഇയാളുടെ ഷർട്ടിന്റെ കീശയിൽ ത്രിവർണ്ണ പതാകയും ഉണ്ടായിരുന്നു. എട്ട് മണിയോടെ മുഖ്യമന്ത്രി കാണുമെന്ന് അറിയിച്ചതിനെ തുടർന്ന് വൻ മാധ്യമ സംഘം കൊച്ചി ഹൗസിന് മുന്നിലുണ്ടായിരുന്നു. മുഖ്യമന്ത്രി മാധ്യമപ്രവർത്തകരെ കാണാൻ നിശ്ചയിച്ച പുൽത്തകിടിയുടെ സമീപമാണ് ഇയാൾ എത്തിയത്. കൈവശം ഒരു തുണിയിൽ പൊതിഞ്ഞ നിലയിൽ കത്തി ഒളിപ്പിച്ചുവെച്ചിരുന്നു. കൈവശം പത്രങ്ങളുടെ കോപ്പി ഉൾപ്പെടെയുള്ള ഏതാനും കടലാസുകളും ഉണ്ടായിരുന്നു. മാധ്യമ പ്രവർത്തകനാണോ എന്ന ധാരണയിൽ അക്കാര്യം അന്വേഷിച്ചപ്പോൾ അല്ലെന്ന് പറഞ്ഞ ഇയാൾ പിന്നീട് തനിക്ക് ജീവിക്കണമെന്നും ജീവിക്കാൻ അനുവദിക്കില്ലെന്നും വിളിച്ചുപറഞ്ഞു. തുണിക്കെട്ടിൽ നിന്ന് ഒളിപ്പിച്ചുവെച്ച കത്തി പുറത്തെടുക്കുകയും ചെയ്തു. നാല് തവണയായി മുഖ്യമന്ത്രിയെ കണ്ടിരുന്നുവെന്നും എന്നിട്ടും തനിക്ക് ജീവിക്കാനുള്ള സാഹചര്യം ഉണ്ടാക്കിയില്ലെന്നും ഒരു പണിയും ഇവിടെ നടക്കുന്നില്ലെന്നും താൻ ആത്മഹത്യ ചെയ്യാൻ പോവുകയാണെന്നും മുഖ്യമന്ത്രിയെ കൊല്ലുമെന്നും പരസ്പര വിരുദ്ധമായ കാര്യങ്ങൾ ഇയാൾ വിളിച്ചുപറഞ്ഞു. കാര്യം അന്വേഷിച്ചെത്തിയ സെക്യൂരിറ്റി ജീവനക്കാരോടും ഇയാൾ തട്ടിക്കയറി. തുടർന്ന് കേരള ഹൗസിലെ സുരക്ഷാ ജീവനക്കാർ ചാടിവീണ് ഇയാളെ കീഴ്പ്പെടുത്തി നിലത്ത് കിടത്തി കൈകൾ ബലമായി പിറകോട്ടേക്ക് തോർത്ത് കൊണ്ട് മുറുക്കിക്കെട്ടി. റിസപ്ഷൻ മുറിയിൽ കൊണ്ടുപോയി ഇരുത്തിയ ഇയാളുടെ വിവരങ്ങൾ ആരാഞ്ഞപ്പോൾ പരസ്പര വിരുദ്ധമായ കാര്യങ്ങളാണ് പറഞ്ഞത്. ചെട്ടിക്കുളങ്ങര സ്വദേശിയായ വിമൽരാജാണ് താനെന്നും തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, ആലപ്പുഴ എന്നീ നാല് ജില്ലകളിലായി താൻ താമസിച്ചിട്ടുണ്ടെന്നും മറ്റും ഇയാൾ പറഞ്ഞുകൊണ്ടിരുന്നു. ഹിന്ദിയിലും മലയാളത്തിലും മാറിമാറിയായിരുന്നു സംസാരം. കേരള ഹൗസ് ജീവനക്കാർ വിവരം അറിയിച്ചതനുസരിച്ച് പത്ത് മിനുട്ടുകൊണ്ട് എത്തിയ ഡൽഹി പോലീസ് വിമൽരാജിനെ കസ്റ്റഡിയിലെടുത്തു.



മുഖ്യമന്ത്രി പിണറായി വിജയൻ താമസിക്കുന്ന ഡൽഹി കേരള ഹൗസിൽ കത്തിയുമായി എത്തിയ വിമൽരാജ്

അതീവസുരക്ഷാ സന്നാഹമുള്ള കേരള ഹൗസിൽ മുഖ്യമന്ത്രിയുടെ താമസസ്ഥലത്തിന് സമീപം ഒരാൾ കത്തിയുമായെത്തിയത് വൻ സുരക്ഷാ വീഴ്ചയായാണ് കണക്കാക്കുന്നത്. വിമൽരാജിനെ കേരള ഹൗസ് ജീവനക്കാർ കീഴ്പ്പെടുത്തുമ്പോഴും മുഖ്യമന്ത്രിയുടെ സുരക്ഷാസേനാംഗങ്ങൾ നോക്കി നിൽക്കുകയായിരുന്നുവെന്ന ആരോപണം ഉണ്ട്. മുഖ്യമന്ത്രി പുറത്തിറങ്ങുന്നതിന് അരമണിക്കൂർ മുമ്പ് ഇയാൾ അവിടെ എത്തിയെന്നതും സംഭവത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. ഇയാൾ മാനസികരോഗിയാണെന്ന സംശയവും ഉയർന്നിട്ടുണ്ട്. മനോവിഭ്രാന്തി പ്രകടിപ്പിക്കുന്ന രീതിയിലായിരുന്നു ഇയാളുടെ സംസാരം.



പുകയില ഉൽപ്പന്നങ്ങളുമായി ശ്രീകണ്ഠപുരത്ത് പിടിയിലായവർ

## തലച്ചുമടായി കടത്തിക്കൊണ്ടുവന്ന 3000 പാക്കറ്റ് ഹാൻസുമായി മൂന്നുപേർ അറസ്റ്റിൽ

ശ്രീകണ്ഠപുരം: ശ്രീകണ്ഠപുരം എക്സൈസ് സംഘം ഓണക്കാലം മുന്നിൽക്കണ്ട് നടത്തിയ പരിശോധനയിൽ കാഞ്ഞിരക്കൊല്ലി ഭാഗത്ത് നിന്ന് തലച്ചുമടായി കടത്തിക്കൊണ്ടുവന്ന 3000 പാക്കറ്റ് (40 കിലോ) ഹാൻസ് പിടികൂടി. കാഞ്ഞിരക്കൊല്ലി മുക്കുഴിയിലെ കുരിശുംമൂട്ടിൽ ബൈജു ജോസഫ് (42), തരിമാക്കൽ ഷാജി (45), പയ്യാവൂർ വാതിൽമടയിലെ മേലേടത്ത് രസ്മിൻ എന്ന കുട്ടപ്പൻ (35) എന്നിവരാണ് പിടിയിലായത്. വിൽപ്പനക്കായി കർണ്ണാടക ഫോറസ്റ്റ് വഴി കടത്തിക്കൊണ്ടുവന്നതാണ് പുകയില ഉൽപ്പന്നങ്ങൾ. റെയിഞ്ച് എക്സൈസ് ഇൻസ്പെക്ടർ പി.പി. ജനാർദനൻ പരിശോധനക്ക് നേതൃത്വം നൽകി. പ്രിവന്റീവ് ഓഫീസർ പി.ടി. യേശുദാസൻ, പി.ആർ. സജീവ്, പി.സി. വാസുദേവൻ, സി.ഇ.ഒമാരായ പി.വി. പ്രകാശൻ, എം.വി. പ്രദീപൻ, പി. ഷിബു എന്നിവരും പരിശോധനയിൽ പങ്കെടുത്തു. കണ്ണൂർ: റെയിൽവേ സ്റ്റേഷൻ പരിസരത്ത് വെച്ച് ആറ് കിലോഗ്രാം നിരോധിത പുകയില ഉൽപ്പന്നങ്ങളുമായി ഒറീസ സ്വദേശിയെ എക്സൈസ് പിടികൂടി. സഞ്ജയ് മല്ലികിനെയാണ് (32) എക്സൈസ് സ്പെഷ്യൽ സ്ക്വാഡ് പി.ഐ ഡി.കെ. സന്ദീപ് കുമാറും സംഘവും ഇന്ന് രാവിലെ പിടികൂടിയത്.

## രാമന്തളിയിൽ സദാചാരഗുണ്ടാ ആക്രമണം; യുവാവിന് പരിക്കേറ്റു

പയ്യന്നൂർ: സദാചാര പോലീസ് ചമഞ്ഞ് യുവാവിനെ അക്രമിച്ചതായി പരാതി. പരിക്കേറ്റ കുന്നരു കുരിശുമുക്കിൽ താമസിക്കുന്ന പി.വി. പത്മനാഭനെ (45) പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സി.പി.ഐ (എം.എൽ) റെഡ്സ്റ്റാർ പയ്യന്നൂർ ഏരിയാ കമ്മിറ്റിയംഗമാണ് പത്മനാഭൻ.

ഇന്നലെ രാത്രി 10.30ഓടെ താമസസ്ഥലത്ത് നിന്നും കുന്നരു വടക്കേഭാഗത്ത് താമസിക്കുന്ന അമ്മയുടെ വീട്ടിൽ പോയി ഭക്ഷണം കഴിച്ച് തിരിച്ചുവരുന്നതിനിടയിലാണ് അക്രമം നടന്നത്. വഴിയിൽ തടഞ്ഞുനിർത്തി നാലംഗ സംഘം എവിടെയാണ് പോയതെന്ന് ചോദിച്ച് അക്രമിക്കുകയായിരുന്നത്രെ. പത്മനാഭനെ പയ്യന്നൂർ ഗവ. താലൂക്ക് ആശുപത്രിയിൽ പ്രാഥമിക ശുശ്രൂഷ നൽകിയാണ് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റിയത്. പയ്യന്നൂർ പോലീസ് അന്വേഷണം തുടങ്ങി.

## തൊഴിലാളിയെ തടഞ്ഞുവച്ച് പണവും മൊബൈൽ ഫോണും തട്ടിയെടുത്ത രണ്ടുപേർ പിടിയിൽ

ശ്രീകണ്ഠപുരം: തൊഴിലാളിയെ തടഞ്ഞുവച്ച് ആയിരം രൂപയും മൊബൈൽ ഫോണും പാൻ കാർഡുമടങ്ങിയ പേഴ്സ് തട്ടിയെടുത്തുവെന്ന പരാതിയിൽ രണ്ടുപേരെ ശ്രീകണ്ഠപുരം പോലീസ് പിടികൂടി. ബ്ലാത്തൂർ സ്വദേശി അമീൻ (30), ഇരിക്കൂർ സ്വദേശി സഹദ് (30) എന്നിവരാണ് പിടിയിലായത്. ചാലോട് തുണിക്കട നടത്തുന്ന ഇവർക്ക് ശ്രീകണ്ഠപുരത്തും ഒരു തുണിക്കടയിൽ ഷെയറുണ്ട്. ചെറുതാഴം അറത്തിപ്പറമ്പിൽ പുത്തൻവീട്ടിൽ ചന്ദ്രബാബുവിന്റെ പരാതിയിലാണ് ഇരുവർക്കുമെതിരെ കേസെടുത്തത്. എന്നാൽ ചന്ദ്രബാബു അമീന് 30,000 രൂപ നൽകാനുണ്ടെന്നും അതേക്കുറിച്ച് ചോദിക്കാൻ ചെന്നപ്പോൾ വാക്ക് തർക്കമുണ്ടാവുകയും ചന്ദ്രബാബുവിന്റെ കൈവശമുണ്ടായിരുന്ന പണം വാങ്ങിക്കുകയും മാത്രമാണ് ചെയ്തതെന്നും പിടിയിലായവർ പറയുന്നു.

# ആലക്കോട് രണ്ട് പെൺകുട്ടികളെ പീഡിപ്പിച്ചു; പിതാവും സഹോദരനും അമ്മാവനും പിടിയിൽ

ആലക്കോട്: സഹോദരിമാരും വിദ്യാർത്ഥിനികളുമായ രണ്ട് പെൺകുട്ടികളെ പിതാവും സഹോദരനും അമ്മാവനും ചേർന്ന് പീഡിപ്പിച്ചു. സംഭവവുമായി ബന്ധപ്പെട്ട് മൂന്ന് പേരെ പോലീസ് പിടികൂടി. ആലക്കോട് പോലീസ് സ്റ്റേഷൻ പരിധിയിലെ ഗ്രാമത്തിലെ 11, 12 വയസ് പ്രായമുള്ള സഹോദരിമാരാണ് പീഡനത്തിന് ഇരയായത്. മാതാപിതാക്കളും മൂന്ന് മക്കളും അടങ്ങുന്നതാണ് പെൺകുട്ടികളുടെ കുടുംബം. പിതാവായ 48കാരൻ, 21 കാരനായ സഹോദരൻ, 46കാരനായ അമ്മാവൻ എന്നിവർ ചേർന്നാണ് പെൺകുട്ടികളെ പീഡിപ്പിച്ചത്. 2017 മുതൽ പലതവണയായി സ്വന്തം വീട്ടിൽ വെച്ചാണ് പിതാവും സഹോദരനും ഇവരെ പീഡിപ്പിച്ചത്. അമ്മാവന്റെ വീട്ടിലെത്തിയപ്പോഴായിരുന്നു അമ്മാവന്റെ പീഡനം. പെൺകുട്ടികളോട് ഏറ്റവും ക്രൂരത കാട്ടിയത് അമ്മാവനായിരുന്നു. ഒരു പെൺകുട്ടിയെ ഇയാൾ ബലാത്സംഗം ചെയ്യുകയും ചെയ്തു. മലയോരത്തെ ഒരു സ്കൂളിൽ പഠിക്കുകയായിരുന്ന പെൺകുട്ടികൾ ഇപ്പോൾ ദൂരെയുള്ള മറ്റൊരു സർക്കാർ സ്ഥാപനത്തിലാണ് പഠിക്കുന്നത്. പീഡനം അതിര് വിട്ടതോടെയാണ് ഇരുവരും സ്വന്തം വീട്ടിൽ നിന്ന് മാറി നിൽക്കുന്ന സാഹചര്യമുണ്ടായത്. ഇപ്പോൾ പഠിക്കുന്ന സ്ഥാപന അധികൃതരോടാണ് പീഡന വിവരം കുട്ടികൾ വെളിപ്പെടുത്തിയത്. തുടർന്ന് ചൈൽഡ്‌ലൈൻ അധികൃതരും വനിതാ എസ്.ഐയും പെൺകുട്ടികളുടെ മൊഴിയെടുത്തപ്പോഴാണ് ഞെട്ടിപ്പിക്കുന്ന പീഡന സംഭവങ്ങൾ പുറത്തുവന്നത്. തുടർന്ന് ആലക്കോട് സി.ഐ ഇ.പി.സുരേശന്റെ നേതൃത്വത്തിലാണ് പ്രതികളായ മൂന്ന് പേരെയും ഇന്ന് രാവിലെ കസ്റ്റഡിയിലെടുത്തത്. ഇവരെ വിശദമായി ചോദ്യം ചെയ്തുവരികയാണ്. പോക്സോ വകുപ്പ് പ്രകാരം അഞ്ച് കേസുകൾ രജിസ്റ്റർ ചെയ്താണ് പോലീസ് അന്വേഷണം. പ്രതികളുടെ അറസ്റ്റ് ഇന്ന് വൈകുന്നേരം രേഖപ്പെടുത്തും. എസ്.ഐമാരായ പി. സുനിൽകുമാർ, കെ.പ്രഭാകരൻ, എ.എസ്.ഐ ഗോവിന്ദൻ എന്നിവരും സി.ഐയുടെ അന്വേഷണ സംഘത്തിലുണ്ട്.

### മലയോരത്ത് ഞെട്ടിപ്പിക്കുന്ന പീഡന പരമ്പരകൾ തുടർക്കഥയാകുന്നു

പേജ് നാലിൽ

**അക്രമിച്ചത് ബി.ജെ.പി പ്രവർത്തകർ തന്നെയാണെന്ന് യുവാവിന്റെ മൊഴി**

# തൃച്ചംബരത്തെ ബി.ജെ.പി പ്രവർത്തകനെ വധിക്കാൻ ശ്രമിച്ച കേസിൽ വഴിത്തിരിവ്

തളിപ്പറമ്പ: തൃച്ചംബരത്തെ ബി.ജെ.പി- ആർ.എസ്.എസ് പ്രവർത്തകൻ പറമ്പിൽ രജീഷിനെ (30) വധിക്കാൻ ശ്രമിച്ച കേസിൽ വഴിത്തിരിവ്. തന്നെ അക്രമിച്ചവർ ബി.ജെ.പി - ആർ.എസ്.എസ് പ്രവർത്തകരാണെന്ന പരാതിയുമായി രജീഷ് കോടതിയെ സമീപിച്ചു. ഇക്കാര്യം ചൂണ്ടിക്കാണിച്ച് ജില്ലാ പോലീസ് മേധാവിക്ക് ഇയാൾ പരാതി നൽകിയിട്ടുണ്ട്.

2016 ഡിസംബർ 26ന് രാത്രി 10.30ഓടെയാണ് തളിപ്പറമ്പ് മൂത്തേടത്ത് ഹൈസ്കൂളിന് പിറകിലെ റോഡിൽ ചോരയിൽ കുളിച്ച് കിടക്കുന്ന നിലയിൽ രജീഷിനെ കണ്ടെത്തിയത്. രാത്രി പതിവായി വീട്ടിലെത്താറുള്ള സമയം കഴിഞ്ഞിട്ടും കാണാതിരുന്നതിനെ തുടർന്ന് ഇരട്ട സഹോദരൻ ഉമേഷ് അന്വേഷിച്ച് ചെന്നപ്പോഴാണ് അക്രമത്തിനിരയായ രജീഷിനെ കണ്ടത്. മംഗലാപുരത്ത് മാസങ്ങളോളം ചികിത്സയിൽ കഴിഞ്ഞാണ് രജീഷ് സാധാരണ ജീവിതത്തിലേക്ക് തിരിച്ചുവന്നത്.

അന്നത്തെ തളിപ്പറമ്പ് സി.ഐ കെ.ഇ. പ്രേമചന്ദ്രന്റെ നേതൃത്വത്തിൽ അന്വേഷണം നടത്തിയെങ്കിലും പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. സൈബർസെല്ലിന്റെ സഹായത്തോടെ നിരവധി ഫോൺ വിളികൾ പരിശോധിക്കുകയും 40ഓളം പേരെ ചോദ്യം ചെയ്യുകയും ചെയ്തെങ്കിലും പ്രതികളെ കുറിച്ച് യാതൊരു വിവരവും കിട്ടിയില്ല. രജീഷിന്റെ മൊഴി പോലീസ് രേഖപ്പെടുത്തിയപ്പോഴും പ്രതികളെ കുറിച്ച് സൂചന നൽകിയിരുന്നില്ല. എന്നാൽ കേസന്വേഷണം ശരിയായ ദിശയിലല്ലെന്നും തൃച്ചംബരത്തെ മഹേഷ്, മഴൂർ സ്വദേശികളായ ലിനേഷ്, ജിജു എന്നിവർ ഉൾപ്പെട്ട എട്ടംഗസംഘമാണ് തന്നെ വധിക്കാൻ ശ്രമിച്ചതെന്നും ആരോപിച്ചാണ് തളിപ്പറമ്പ് ഒന്നാംക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ രജീഷ് ഹർജി നൽകിയത്. ഈ മൂന്നുപേരും ബി.ജെ.പി- ആർ.എസ്.എസ്. പ്രവർത്തകരാണ്. സ്കൂളിന്റെ മതിലിന് ചേർത്ത് നിർത്തിയാണ് തന്റെ കാൽമടമ്പ് വെട്ടിയതെന്നും പരാതിയിൽ ആരോപിക്കുന്നു.



രജീഷ്

## സഹപാഠിയെ പീഡിപ്പിച്ച കേസിൽ 18കാരൻ പിടിയിൽ

പയ്യന്നൂർ: വിദ്യാർത്ഥിനിയെ പീഡിപ്പിച്ച കേസിൽ സഹപാഠി അറസ്റ്റിൽ. ചെറുപുഴ പാലാവയൽ തയ്യേനിയിലെ ജസ്റ്റിൻ സെബാസ്റ്റ്യൻ (18)ആണ് പിടിയിലായത്. തയ്യേനി കോലുവള്ളിക്കടുത്ത വിദ്യാർത്ഥിനി നൽകിയ പരാതിയിൽ പോക്സോ പ്രകാരം കേസെടുത്താണ് അറസ്റ്റ്.

പ്ലസ് വൺ തൊട്ട് ഇരുവരും ഓരേ വിദ്യാലയത്തിൽ പഠിച്ചുവരികയായിരുന്നു. ഇതിനിടയിൽ 2017 മുതൽ പലദിവസങ്ങളിലായി തന്നെ ജസ്റ്റിൻ ലൈംഗീകമായി പീഡിപ്പിച്ചുവെന്നാണ് പെൺകുട്ടിയുടെ പരാതി. പെൺകുട്ടിക്ക് പ്രായപൂർത്തിയെത്തും മുമ്പായിരുന്നു പീഡനം. പയ്യന്നൂർ പി.കെ.എം. ജംഗ്ഷനടുത്തുള്ള ആൾത്താമസമില്ലാത്ത വീട്ടിലേക്ക് ബലമായി പിടിച്ചുകൊണ്ടുപോയാണ് ആദ്യം പീഡിപ്പിച്ചതെന്ന് പരാതിയിൽ പറയുന്നു. ഇന്നലെ രാത്രിയാണ് ജസ്റ്റിനെ അറസ്റ്റ് ചെയ്തത്.

## കഞ്ചാവ് സഹിതം അഞ്ച് വിദ്യാർത്ഥികൾ അറസ്റ്റിൽ

ഇരിട്ടി: കാറിൽ സഞ്ചരിക്കുകയായിരുന്ന അഞ്ച് വിദ്യാർത്ഥികളെ കഞ്ചാവ് സഹിതം പോലീസ് പിടികൂടി. തലശേരി പുന്നോലിലെ ആനന്ദ് (24), പെരിന്തൽമണ്ണയിലെ മുഹമ്മദ് സലീം (23), പ്രഫുൽ പത്മനാഭൻ (24), ഹർഷാദ് (24), നന്ദു (25) എന്നിവരാണ് പിടിയിലായത്. പിടിയിലായവരിൽ മൂന്നുപേർ കർണ്ണാടക ചിത്രദുർഗ എഞ്ചിനീയറിംഗ് കോളേജിലെ പൂർവ്വവിദ്യാർത്ഥികളായിരുന്നു. അവിടെ നടന്ന പൂർവ്വവിദ്യാർത്ഥി സംഗമത്തിൽ പങ്കെടുത്ത് കാറിൽ മടങ്ങുകയായിരുന്നു ഇവർ. കൂടെയുള്ള ഒരാളെ കൂട്ടുപുഴയിൽ ഇറക്കാൻ അതുവഴി വരികയായിരുന്നു. ഇന്ന് പുലർച്ചെ നാല് മണിയോടെ കൂട്ടുപുഴയിൽ വാഹന പരിശോധന നടത്തുകയായിരുന്ന എസ്.ഐ സുനിൽകുമാറിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘം കാർ തടഞ്ഞുനിർത്തി പരിശോധിച്ചപ്പോഴാണ് 100 ഗ്രാം കഞ്ചാവ് കാണപ്പെട്ടത്. സ്വന്തം ഉപയോഗത്തിനായി കർണ്ണാടകയിൽ നിന്ന് വാങ്ങിച്ചതാണത്രെ കഞ്ചാവ്.

# അരിയിൽ ഷുക്കൂർ വധവുമായി ബന്ധപ്പെട്ട് അഭിഭാഷകനെതിരെയെടുത്ത കേസ് കോടതി റദ്ദാക്കി

എറണാകുളം: പ്രമാദമായ അരിയിൽ ഷുക്കൂർ വധവുമായി ബന്ധപ്പെട്ട് അഭിഭാഷകനെതിരെയെടുത്ത കേസ് ഹൈക്കോടതി റദ്ദാക്കി. തളിപ്പറമ്പ് ബാറിലെ അഭിഭാഷകനും ഹൈക്കോടതിയിലെ സ്പെഷൽ ഗവ. പ്ലീഡറുമായ നിക്കോളാസ് ജോസഫിനെതിരെയെടുത്ത കേസാണ് ജസ്റ്റിസ് അബ്രഹാം മാത്യു റദ്ദാക്കിയത്.

2012 ഫിബ്രവരി 22ന് യൂത്ത്‌ലീഗ് പ്രവർത്തകൻ അരിയിൽ ഷുക്കൂർ വധിക്കപ്പെട്ടതുമായി ബന്ധപ്പെട്ടാണ് കേസിന്റെ തുടക്കം. അരിയിൽ സി.പി.എം ഓഫീസ് അക്രമിക്കപ്പെട്ടതറിഞ്ഞ് അവിടം സന്ദർശിച്ച് മടങ്ങുകയായിരുന്ന സി.പി.എം ജില്ലാ സെക്രട്ടറി പി.ജയരാജൻ, ടി.വി.രാജേഷ് എം.എൽ.എ എന്നിവരെ അക്രമത്തിൽ പരിക്കേറ്റ നിലയിൽ തളിപ്പറമ്പ് സഹകരണ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. ജയരാജനെ സന്ദർശിക്കാൻ യൂത്ത്‌ലീഗ് പ്രവർത്തകരും സർസയ്യിദ് കോളേജ് ജീവനക്കാരനുമായ മുഹമ്മദ് സാബിറും പി.പി.അബുവും ആശുപത്രിയിലെത്തിയിരുന്നു. ഈ സമയം ജയരാജനും രാജേഷും കിടക്കുകയായിരുന്ന മുറിയുടെ വാതിൽ തുറന്ന് പിടിച്ച് കേസിൽ പിന്നീട് 28-ാം പ്രതിയായ പി.പി.സുമേഷും 29-ാം പ്രതിയായ എ.വി.ബാബുവും സി.പി.എം അരിയിൽ ലോക്കൽ സെക്രട്ടറിയായിരുന്ന യു.വി.വേണുവിനോട് ചെറുകുന്ന് ചേരയിലെ മുഹമ്മദ്കുഞ്ഞിയുടെ വീട്ടിൽ തടഞ്ഞുവച്ച ലീഗ് പ്രവർത്തകരെ വേണ്ടതുപോലെ കൈകാര്യം ചെയ്യണമെന്ന് പറഞ്ഞത് ഇവർ കേട്ടിരുന്നുവത്രെ.

ഇക്കാര്യം അന്വേഷണ ഉദ്യോഗസ്ഥനായ അന്നത്തെ വളപട്ടണം സി.ഐ യു.പ്രേമന് ഇവർ മൊഴി നൽകിയതിനെ തുടർന്ന് കുറ്റകൃത്യം അറിഞ്ഞിട്ടും തടയാൻ ശ്രമിക്കാത്തതിന് പി.ജയരാജനും ടി.വി.രാജേഷിനുമെതിരെ ഐ.പി.സി 118-ാം വകുപ്പ് പ്രകാരം കേസെടുത്തിരുന്നു. അതിന് ശേഷം മോറാഴ സ്വദേശി കെ.പി.നന്ദനൻ ഇതേ കാര്യം സാബിറും അബുവും അറിഞ്ഞിട്ടും കുറ്റകൃത്യം തടയാൻ ശ്രമിച്ചില്ലായെന്നും അതിനാൽ ജയരാജനും രാജേഷിനുമെതിരെയെടുത്ത അതേ കുറ്റകൃത്യത്തിന് ഇവർക്കെതിരെയും കേസെടുക്കണമെന്നും ആവശ്യപ്പെട്ട് കണ്ണൂർ മജിസ്ട്രേട്ട് കോടതിയിൽ ഹർജി നൽകിയിരുന്നു.

2012 നവംബർ ഒമ്പതിന്റെ 'മക്തബ്' പത്രത്തിൽ ഈ ഹർജിയുടെ കാര്യം പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചിരുന്നു. ഇത് തങ്ങൾക്ക് മാനഹാനിയുണ്ടാക്കിയെന്ന് ആരോപിച്ച് സാബിറും അബുവും നന്ദനനെതിരെ തളിപ്പറമ്പ് മജിസ്ട്രേട്ട് കോടതിയിൽ അരലക്ഷം രൂപ നഷ്ടപരിഹാരമാവശ്യപ്പെട്ട് അഡ്വ. കെ.ബാലകൃഷ്ണൻ നായർ മുഖേന ഹർജി നൽകിയിരുന്നു. ഈ കേസിൽ നന്ദനന്റെ സ്വത്ത് അറ്റാച്ച് ചെയ്യാൻ ഉത്തരവുണ്ടായിരുന്നു. ഇത് വലിയ കോളിളക്കം സൃഷ്ടിച്ചതോടെ തളിപ്പറമ്പിലെ ഹോംഡെക്കൽ ഉടമ സലീം തങ്ങളെ തട്ടിക്കൊണ്ടുപോയി ബക്കളത്തെ സ്നേഹ ഇൻ ഹോട്ടലിന്റെ മുറിയിൽ വച്ച് അഡ്വ. നിക്കോളാസ് ജോസഫ് ഭീഷണിപ്പെടുത്തിയാണ് ജപ്തി ഹർജിയും മാനനഷ്ട ഹർജിയും നൽകിയതെന്ന് എസ്.പിക്ക് സാബിറും അബുവും പരാതി നൽകി.

(ശേഷം നാലാം പേജിൽ)

## മാസാന്ത സ്വലാത്ത് മജ്‌ലിസ് നാളെ രയരോം മഖാമിൽ

ആലക്കോട്: ചരിത്ര പ്രസിദ്ധവും പുണ്യപുരാതനവും നിരവധി കറാമത്തുകളാൽ അനുഗ്രഹീതവുമായ രയരോം മഖാമിൽ നടന്നു വരുന്ന മാസാന്ത സ്വലാത്ത് മജ്‌ലിസും കൂട്ടുപ്രാർത്ഥനയും **നാളെ** (05 - 08 - 2018 - ഞായർ) **രാത്രി 7 മണിക്ക്** നടക്കും. **ഉസ്താദ് ബഷീർ ലത്തീഫി** പ്രാർത്ഥനകൾക്ക് നേതൃത്വം നൽകും. പങ്കെടുത്ത് പുണ്യം നേടുന്നതിന് ഏവരെയും മഖാമിലേക്ക് ക്ഷണിക്കുന്നതായി രയരോം ജുമാ മസ്ജിദ് കമ്മിറ്റി അറിയിച്ചു.

